**സിവിൽസപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

17(*167) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽസപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് വിൽക്കുന്നതിനായി എത്ര വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു ; വിശദാംശം നൽകുമോ ;

(സി) സപ്ലൈകോയുടെ ഈ വർഷത്തെ വിറ്റുവരവ് എത്രയാണ് ;

(ഡി) മെച്ചപ്പെട്ട അരി ഇനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ഇ) സപ്ലൈകോയുടെ നിയന്ത്രണത്തിൽ ആധുനിക ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ):

(എ) സപ്ലൈകോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നടപടികൾ എടുത്തിട്ടുണ്ട്:

1 കർശനമായ ധനകാര്യ മാനേജ്മെന്റ് ഏർപ്പെടുത്തി. വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുക വഴി ആഡിറ്റ് സംവിധാനം കൃത്യമായ രീതിയിൽ ശക്തിപ്പെടുത്തി വിൽപ്പനയും കണക്കും ഒത്തുനോക്കൽ ശാസ്ത്രീയ ഇൻവെന്ററി സംവിധാനം, പർച്ചേസ് മാനേജ്മെന്റ് സംവിധാനം, നൂതന ശാസ്ത്രീയ വിലനിർണ്ണയം, ഡിപ്പോകൾ ലാഭകേന്ദ്രങ്ങളാക്കിയത് ഓരോഡിപ്പോയ്ക്കും പ്രത്യേക ധനകാര്യ സ്റ്റേറ്റ്മെന്റ് തയ്യാറാക്കൽ, കൃത്യമായ ധനവിനിമയം എന്നിവ കൊണ്ട് അഴിമതിരഹിതമായ ഒരു പ്രവർത്തന അന്തരീക്ഷം ഉറപ്പാക്കാൻ സാധിച്ചു.

2. കോർപ്പറേഷൻ ആവിഷ്ക്കരിച്ച പുതിയ ഇൻവെന്ററി നയം കഴിഞ്ഞ 3 മാസത്തെ ശരാശരി വില്പന, ആവശ്യകത, ഉപഭോഗം എന്നിവയ്ക്ക് അനുസൃതമായി സ്റ്റോക്ക് ഉറപ്പുവരുത്തുന്നു. പർച്ചേസിന്റെ കാര്യക്ഷമത ഇൻവെന്ററി മാനേജ്മെന്റുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. പർച്ചേസിന്റെ കാര്യക്ഷമതക്കുവേണ്ടി ഇ-പർച്ചേസ്, ഇ-പേമെന്റ്, ട്രാൻസ്പോർട്ടേഷൻ കണക്കാക്കി കുറഞ്ഞ വില നിശ്ചയിക്കൽ തുടങ്ങിയ സംവിധാനങ്ങൾ തുടർന്നു വരുന്നു. ഇതിനു പുറമേ പർച്ചേസ് സംവിധാനം കൂടുതൽ സുധാര്യമാക്കുന്നതിനായി NCDEX, MCX സംഭരണകേന്ദ്രങ്ങൾ എന്നിവയുമായി നേരിട്ട് ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

3. ശാസ്ത്രീയമായ ഇൻവെന്ററി മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയതുവഴി എല്ലാ വിൽപ്പനശാലകളിലും ആവശ്യത്തിനുള്ള സ്റ്റോക്ക് എല്ലായ്പ്പോഴും ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ട്.

4. ഉപഭോക്താക്കൾക്ക് എത്തിച്ചേരാൻ സൗകര്യമായ സ്ഥലത്ത് വില്പനശാലകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

5. നിലവിലുള്ള സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾക്കുപുറമേ 9 പുതിയ മാവേലിസ്റ്റോറുകൾ കൂടി നിലവിൽ വന്നു. ഇതുവഴി സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന സ്ഥലങ്ങളിലെ ഉപഭോക്താക്കൾക്ക് വിലകുറവിന്റെ പ്രയോജനം ഉറപ്പുവരുത്തി.

6. ആധുനിക സൗകര്യങ്ങൾ ഉൾക്കൊള്ളിച്ചു വിപണനശാലകൾ. ഹൈപ്പർ മാർക്കറ്റുകൾ ആരംഭിച്ചതുവഴി വൻകിടകുത്തക കമ്പനികളുടെ പ്രവർത്തനങ്ങളുമായി കിടപിടിക്കാൻ സാധിച്ചു.

7. കൂടുതൽ ഉപഭോക്താക്കൾക്ക് സൗകര്യപ്പെടുന്നതും കൂടുതൽ വിൽപ്പന സാദ്ധ്യതയുള്ളതുമായ മാവേലിസ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായി ഉയർത്താൻ ആവശ്യമായ നടപടി സ്വീകരിച്ചു.

8. എല്ലാ വിൽപ്പനശാലകളിലും കമ്പ്യൂട്ടർ ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്തി. ഓരോസാധനങ്ങൾക്കും ബാർകോഡിംഗ് ഉള്ളതിനാൽ ഉപഭോക്താക്കൾക്ക് വേഗത്തിൽ ബിൽ നൽകി സാധനങ്ങൽ വിതരണം ചെയ്യാൻ കഴിയുന്നു.

9. ഗുമനിലവാരം ഉറപ്പാക്കിയ വസ്തുക്കൾ മാത്രം വിൽപ്പന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി പരിശോധന വിഭാഗങ്ങളുടെയും വിജിലൻസ് സ്ക്വാഡുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തി.

10. വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ തൃപ്തികരമല്ലെങ്കിൽ തിരിച്ചെടുക്കുവാനും അല്ലെങ്കിൽ അതിന്റെ വിലയോ പകരം സാധനമോ തിരികെ ഉപഭോക്താവിനു നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

11. ഉപഭോക്താക്കളോട് സൗഹൃദമായി പെരുമാറാനും വിൽപ്പനയുടെ കണക്കുകൾ തുടങ്ങിയവ മനസിലാക്കികൊടുക്കുവാനും ആവശ്യമായ പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

12. എല്ലാ വിൽപ്പനശാലകൾക്കും നവീകരിച്ച ബോർഡുകൾ സ്ഥാപിക്കുകയും പെയിന്റിംഗ് നടത്തി മോടിപിടിപ്പിച്ച് ആകർഷകമാക്കാനുള്ള നടപടികളെടുക്കുകയും ചെയ്തിട്ടുണ്ട്.

13. സൂപ്പർമാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ, ഹൈപ്പർമാർക്കറ്റ് തുടങ്ങിയ വിൽപ്പനശാലകളിൽ ആധുനിക സൗകര്യങ്ങളായ ട്രോളി, ആധുനിക റാക്കുകൾ എന്നിവ ഏർപ്പെടുത്തി ആകർഷകമാക്കി.

14. എല്ലാ വിൽപ്പനശാലകളിലും സാധനങ്ങൾ തൂക്കി നൽകാൻ ഇലക്ട്രോണിക് ത്രാസ്സുകൾ ഏർപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

15. സൂപ്പർമാർക്കറ്റുകളിലും ഹീപ്പിൾസ് ബസാറുകളിലും ഉപഭോക്താക്കൾക്ക് വാങ്ങിയ സാധനങ്ങളുടെ തൂക്കം പരിശോധിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തി.

16. സാധാരണക്കാർക്ക് അവശ്യസാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് വിതരണം ചെയ്യാൻ വിലനിർണ്ണയം ശാസ്ത്രീയമായി പരിഷ്കരിച്ചു. 50% വരെ വിലക്കുറവിൽ അവശ്യസാധനങ്ങളും MRP- യെക്കാൾ 3-7% വരെ കുറഞ്ഞ നിരക്കിൽ മറ്റ് നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്യുന്നു.

17. വിൽപ്പനശാലകളും താലൂക്ക് ഡിപ്പോകളും റീജിയണൽ/ഹെഡാഫീസും തമ്മിൽ ഇന്റർനെറ്റ് കണക്ഷൻ വഴി ബന്ധിപ്പിച്ചിട്ടുള്ളതിനാൽ വിൽപ്പനശാലകളുടേയും ഡിപ്പോകളുടെയും പ്രവർത്തനം തത്സമയം അവലോകനം ചെയ്യാൻ കഴിയുന്നു.

18. പൊതുജനങ്ങളുടെ സൗകര്യാർത്ഥം തെരഞ്ഞെടുക്കപ്പെട്ട സൂപ്പർമാർക്കറ്റുകൾ/ഹീപ്പിൾസ് ബസാറുകൾ എന്നിവ ഞായറാഴ്ചയും തുറന്നു പ്രവർത്തിക്കുന്നുണ്ട്.

19. ഇത്തരം പ്രവർത്തനങ്ങളിലൂടെ കോർപ്പറേഷന്റെ വിറ്റുവരവ് 2005-06-ൽ 701 കോടി രൂപയായിരുന്നത് 2009-10-ൽ 2284 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

(ബി) 871 മാവേലിസ്റ്റോറുകൾ 343 സൂപ്പർമാർക്കറ്റുകൾ, 13 ഹീപ്പിൾസ് ബസാറുകൾ, ഹൈപ്പർ മാർക്കറ്റ്, അപ്നാ ബസാർ, പ്രീമിയം, 13 പെട്രോൾ ബങ്കുകൾ, 8 സഞ്ചരിക്കുന്ന മാവേലിസ്റ്റോർ, 3 എൽ.പി.ജി. ഔട്ട്ലെറ്റ് തുടങ്ങി 1346 ചില്ലറ വിൽപ്പന കേന്ദ്രങ്ങളാണ് സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്നത്. ഇതുകൂടാതെ 1700 ഓളം ARD ശബരി സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്.

(സി) 2010-11 സാമ്പത്തിക വർഷത്തിൽ ജനുവരി 2011 വരെ വിറ്റുവരവ് 1808 കോടി രൂപയാണ്.

(ഡി) സപ്ലൈകോ വിൽപ്പനശാലകൾ വഴി സോർട്ടക്സ് ഇനത്തിലുള്ള പച്ചരി, ബോധന, മട്ട എന്നിയിനം അരി കിഗ്രാമിന് 15 രൂപ നിരക്കിൽ വിതരണം ചെയ്തുവരുന്നു.

(ഇ) ഹൈപ്പർമാർക്കറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം ഹൈപ്പർമാർക്കറ്റ് 8/09-ൽ പ്രവർത്തനം ആരംഭിച്ചു. കോട്ടയം ഹൈപ്പർമാർക്കറ്റിന്റെ പ്രവർത്തനോദ്ഘാടനം ഫെബ്രുവരി 15-നും തിരുവനന്തപുരം ഹൈപ്പർമാർക്കറ്റിന്റെ പ്രവർത്തനോദ്ഘാടനം 14-2-2011-നും നടത്തുകയുണ്ടായി. മറ്റുള്ളവയുടെ പ്രവർത്തനം അടുത്ത സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly